**ഉപവാസത്തിന്റെ രീതി ബ്ലാക്ക്മെയിലിങ് ആണെന്നും ബ്ലാക്മെയിലിങ് ഉപയോഗിച്ച് തീരുമാനങ്ങൾ എടുപ്പിക്കുക എന്നത് ജനാധിപത്യ വിരുദ്ധമാണെന്നും കെ.പി. റഷീദ്**

# ജനാധിപത്യകാലത്തെ ഗാന്ധി

**എല്ലാ** സമരായുധങ്ങളെയും പോലെ ഉപവാസത്തിനും മുനതേയുന്നു. കാരണങ്ങൾ പലതു പറയാം. കാലവും ജനതയും മാറി. പുതിയ പ്രശ്നങ്ങൾ. പുതിയ ശത്രുക്കൾ. പുതിയ കൂട്ടായ്മകൾ. സ്വാഭാവികമായും സമര രീതികളും സമരായുധങ്ങളും മാറേണ്ടതുണ്ട്. കാലികമാവേണ്ടതുണ്ട്.

ജീവിതം അടിമുടി മാറുകയാണ്. ലോകം ഒറ്റ ഗ്രാമത്തിലേക്കും ജീവിതം ഒറ്റ മുറിയിലെ ഒറ്റ മോണിറ്ററിലേക്കും ചുരുങ്ങിക്കൊണ്ടിരിക്കുന്നു. എന്നാൽ, കാര്യങ്ങൾ ഈ പറയുന്നതുപോലെ അത്ര സുഖകരവുമല്ല. പുറമേ കാണുന്ന സുഖശീതളിമയ്ക്കകത്ത് കത്തുന്ന മറ്റനേകം അടരുകൾ കൂടിയുണ്ട്. അനീതികളുടെയും കൊടും പീഡനങ്ങളുടെയും സമഗ്രാധിപത്യം സൃഷ്ടിക്കുന്ന പ്രത്യക്ഷവും പരോക്ഷവുമായ ചങ്ങലകളുടെയും അനേകം അടരുകൾ. അധികാരത്തിനെതിരെ ചെറുത്തു നിൽപ്പ് അനിവാര്യമാക്കുന്ന നിർബന്ധിതാവസ്ഥകൾ കൂടിയാണിവ. സമരങ്ങൾ അനിവാര്യമെന്നു വരുമ്പോൾ സമരായുധങ്ങളും നിർബന്ധമായിത്തീരുന്നു. എന്നാൽ, ഭൂതകാലം വിജയകരമായി പ്രയോഗിച്ച സമരായുധങ്ങൾ പുതുകാലത്ത് പഴയപോലെ കളം പിടിക്കണമെന്നില്ല. സ്വാഭാവികമായും പുതിയ സമരമാർഗങ്ങൾ കണ്ടെത്തേണ്ടി വരും. ആരൊക്കെയോ മുറിയിൽ അടച്ചിരുന്ന് കണ്ടെത്തതല്ല അത്. സമരമുഖങ്ങളിൽ സ്വാഭാവികമായി രൂപം കൊള്ളേണ്ടതാണ്.

ഉപവാസം സമരായുധമെന്ന നിലയിൽ അതിൻെറ തോൽവി സമ്മതിച്ച അനേകം ഘട്ടങ്ങൾ ഇന്ത്യ ചരിത്രത്തിൽ കഴിഞ്ഞു പോയിരിക്കുന്നു. ഗാന്ധിയൻ സമരമുറകൾ പൂർണമായി എഴുതിത്തള്ളാറായിട്ടില്ലെന്ന് തെളിയിക്കുന്ന ചില അവസരങ്ങളും ഒപ്പമുണ്ടായിട്ടുണ്ട്. എങ്കിലും പൊതുവെ, അനുഷ്ഠാനം എന്ന നിലയിൽ മാത്രമാണ് ദേശവും പുതുകാലവും ഈ സമരരൂപങ്ങളെ സമീപിക്കുന്നതെന്ന് കാണാനാവും. എന്നാൽ, സമീപകാലത്തു നടന്ന ചില സംഭവങ്ങൾ, ചില സമരങ്ങൾ ഇതിനപ്പുറമുള്ള ചില സാധ്യതകളിലേക്ക് കൈ ചൂണ്ടുന്നുണ്ട്. ഏറെ മാറിയ കാലത്തും ഉപവാസം അടക്കമുള്ള സമരരൂപങ്ങൾ ദേശത്തെ പിടിച്ചു കുലുക്കുന്ന ചില സമരാനുഭവങ്ങൾ. എന്നാൽ, പഴയ മട്ടിലുള്ള ഗാന്ധിയൻ സമരമുറകളല്ല അവ. പുത്തൻ സാങ്കേതിക ഉപാധികളുടെ സഹായത്തോടെ, മാധ്യമ, പി.ആർ സങ്കേതങ്ങളുടെ സവിശേഷമായ വിനിയോഗത്തിലൂടെ മുനകൂർപ്പിച്ചു വെച്ച പുതിയ തരം സമരായുധങ്ങളാണവ.

ചീഞ്ഞു നാറിയ ഇന്ത്യൻ സാഹചര്യങ്ങളെ സർഗാത്മകമാക്കാൻ പഴയ സമരായുധങ്ങൾ ഗൃഹാതുരമായി ഉപയോഗിക്കാമെന്ന മാർക്കറ്റിങ് തന്ത്രങ്ങൾ തന്നെയാണ് സത്യത്തിൽ ഇവയെ പരുവപ്പെടുത്തുന്നത്. ഏതു രാഷ്ട്രീയവും അരച്ചു തേച്ചു മൂർച്ച കൂട്ടാവുന്ന വിധം പഴയ സമരായുധങ്ങളുടെ അന്തസത്ത ഇല്ലാതായത് ഇവയുടെ ഉപയോഗക്ഷമത കൂട്ടുകയും ചെയ്യുന്നു. എല്ലാത്തിലും വിശ്വാസം നഷ്ടപ്പെട്ട ഒരു ജനതയെ ഭൂതകാലക്കുളിരിലേക്കു തിരിച്ചു കൊണ്ടുപോയി ചില താൽപര്യങ്ങൾ നിവർത്തിക്കുക എന്നതിനപ്പുറം വല്ലാതെ ആവേശം കൊള്ളാൻ ഒന്നും ശേഷിപ്പിക്കുന്നില്ല പുതിയ സമരങ്ങൾ എന്നത് ഇതോടൊപ്പം കൂട്ടിവായിക്കാനാവും.

ഒരേ സമരായുധമാണ് മുന്നോട്ടു വെക്കുന്നതെങ്കിലും മേധാ പട്കറിൻെറയും ഹസാരെയുടെയും രാംദേവിൻെറയും സമരങ്ങൾ ഭിന്നമാവുന്നത് മേൽപ്പറഞ്ഞ സാഹചര്യങ്ങളിലാണ്. മൂവരും നടത്തുന്നത് ഉപവാസം എന്ന സമരമുറയാണ്. എന്നാൽ, അവ മുന്നോട്ടു വെക്കുന്ന രാഷ്ട്രീയം, പ്രശ്നങ്ങൾ, സമരതന്ത്രങ്ങൾ എന്നിവ അടിമുടി വ്യത്യസ്തം. നിലനിൽക്കുന്ന വ്യവസ്ഥിതിയുടെ ജനവിരുദ്ധത തുറന്നു കാണിക്കുകയും വികസനം, പരിസ്ഥിതി തുടങ്ങിയ വിഷയങ്ങളിൽ വ്യക്തമായ ജനകീയ രാഷ്ട്രം മുന്നോട്ടുവെക്കുകയും ചെയ്യുന്ന മേധയുടെ സമരവും ആ ദിശയിൽ തന്നെയാണ്. അതിൻെറ മുനകൾ നീളുന്നത് സ്റ്റേറ്റിനും സർക്കാറിനും കോർപ്പറേറ്റുകൾക്കും രാഷ്ട്രീയ, ഉദ്യോഗസ്ഥ, മാധ്യമ സാമന്തർക്കും എതിരെയാണ്. മുഖ്യധാരാ രാഷ്ട്രീയ കക്ഷികളല്ല സിവിൽ സമൂഹമാണ് മേധയുടെ സമരത്തിൻെറ ശക്തി. ഒപ്പം അവർ ഉന്നയിക്കു

കാർട്ടൂൺ റഫീക്ക് അഹമ്മദ്



ന്ന ജനകീയ പ്രശ്നങ്ങളും.

അഴിമതിയാണ് ഹസാരേയുടെയും രാംദേവിൻെറയും മുഖ്യ ശത്രുക്കൾ. സർക്കാറും രാഷ്ട്രീയക്കാരും അക്കൗണ്ടബിൾ ആവണമെന്നാണ് ഹസാരേയുടെ പക്ഷം. ജനലോക്പാൽ നടപ്പാക്കണമെന്നാണ് മുഖ്യ ആവശ്യം. നിലനിൽക്കുന്ന വ്യവസ്ഥിതിക്കകത്തു നിന്ന് ജനാധിപത്യത്തെ ശക്തിപ്പെടുത്താനുള്ള പരിഷ്കരണമാണ് അദ്ദേഹം ലക്ഷ്യമിടുന്നത്. സർക്കാർ തലത്തിലുള്ള അഴിമതിക്കെതിരെ മാത്രമാണ് അദ്ദേഹത്തിൻെറ സമരം. കോർപ്പറേറ്റുകൾ നടത്തുന്നതടക്കമുള്ള വിഭവ കൊള്ളയും അതിന് അഴിമതി എങ്ങിനെ സഹായകമാവുന്നു എന്ന തടക്കമുള്ള കാര്യങ്ങളും ഹസാരേ പറയുന്നേയില്ല. മുതിർന്ന ഗാന്ധിയൻ എന്ന സവിശേഷ പരിഗണനയാണ് ഹസാരേയുടെ പ്ലസ് പോയിൻറ്. മുൻനിര മാധ്യമങ്ങളുടെയും ഓൺലൈൻ സമൂഹത്തിൻെറയും എൻ.ജി.ഒകളുടെയും മുതിർന്ന പൊതുപ്രവർത്തകരുടെയും പിന്തുണ അദ്ദേഹത്തിനുണ്ട്. പുതിയ കാലത്തിൻെറ ഗാന്ധി എന്ന നിലയിലാണ് അദ്ദേഹം ബ്രാൻറ് ചെയ്യപ്പെടുന്നത്. അടിയന്തിരാവസ്ഥ അടക്കം ഇന്ത്യ നേരിട്ട കാതലായ വെല്ലുവിളികളുടെ നേരങ്ങളിൽ മൗനം പാലിക്കുകയോ ഉൾവലിയുകയോ ചെയ്ത ഹസാരേയെ പുതിയ കാലത്തിൻെറ രക്ഷകനായി അവതരിപ്പിക്കാൻ സമർഥമായ മാധ്യമ തന്ത്രങ്ങൾക് ഇതിനകം ക്ഴിഞ്ഞിട്ടുമുണ്ട്.

ബാബാ രാംദേവാകട്ടെ, കോടികളുടെ സമ്പത്തുള്ള യോഗാ ഗുരു എന്ന നിലയിൽ നേരത്തെ ശ്രദ്ധേയനാണ്. രാജ്യാന്തര തലത്തിൽ വേരുകളുള്ള ബിസിനസ് സാമ്യാജ്യം, വമ്പൻമാരടങ്ങുന്ന ശിഷ്യ സമ്പത്ത്, കോടികളുടെ സമ്പത്ത്, ആത്മീയതയും യോഗയും മാർക്കറ്റിങ്ങും സമർഥമായി കൂട്ടിക്കലർത്തിയ തന്ത്രങ്ങൾ, വൻകിട പി.ആർ കമ്പനികളുടെ ഇടപെടലുകൾ എന്നിവയാണ് അദ്ദേഹത്തിൻെറ കൈമുതൽ. ഇന്ത്യയുടെ ഇന്നത്തെ ജീർണത മാറ്റണമെന്ന ആഗ്രഹം അദ്ദേഹം പണ്ടേ പ്രകടിപ്പിച്ചിട്ടുണ്ട്. ഇതിനായി രാഷ്ട്രീയത്തിലിറങ്ങാനും പാർട്ടി രൂപവൽകരിച്ച് രാജ്യത്തെ രക്ഷപ്പെടുത്താനുമുള്ള സന്നദ്ധതയും അദ്ദേഹം നേരത്തെ പ്രദർശിപ്പിച്ചു. അഴിമതി തന്നെയാണ് അദ്ദേഹത്തിൻെറയും മുഖ്യ ശത്രു. ഹസാരേയുടെ സമരത്തിന് പിന്തുണ പ്രകടിപ്പിച്ച് രംഗത്തുവന്ന രാംദേവ് സ്വന്തമായി കളം പിടിക്കാൻ നടത്തിയ ശ്രമങ്ങളാണ് പുതിയ സമരത്തിനു പിന്നിൽ. ആർ.എസ്.എസ് ആസ്ഥാനവുമായി നിരന്തരം ബന്ധപ്പെട്ട ശേഷം സമര രംഗത്തിറങ്ങിയ രാംദേവിൻെറ പിന്തുണക്ക് സംഘപരിവാർ സംഘടനകൾ കൈമെയ് മറന്ന് ഇറങ്ങിയിരുന്നു. കാവി രാഷ്ട്രീയക്കാരൻ എന്ന നിലയിൽ എളുപ്പം തുറന്നുകാണിക്കപ്പെടാൻ ഇതിടയാക്കി.

രാഷ്ട്രീയത്തിലും സമരതന്ത്രങ്ങളിലും ലക്ഷ്യങ്ങളിലും പശ്ചാത്തലങ്ങളിലുമുള്ള ഈ വ്യത്യസ്തതകളാണ് ഉപവാസ സമരം ചെയ്യുന്ന ഈ മൂന്ന് പേരെയും ഭിന്നരാക്കുന്നത്.

ഉപവാസ സമരം സത്യത്തിൽ ഒരു തരം ബ്ലാക്മെയ്ലിങ്ങാണ്. ഭീഷണിപ്പെടുത്തി ലക്ഷ്യങ്ങൾ നേടൽ. പൊതുസമൂഹത്തിൻെറയും മാധ്യമങ്ങളുടെയും പിന്തുണയോടെ ഭരണകൂടത്തെ ഭീഷണിപ്പെടുത്തി ലക്ഷ്യം നേടുന്നുവെന്ന് ഹസാരേയുടെ സമരത്തിനിടെ വ്യാപകമായ വിമർശമുയർന്നിരുന്നു. സർക്കാറിനെ മുൾമുനയിൽ നിർത്തി

**ഉപവാസ സമരം സത്യത്തിൽ ഒരു തരം ബ്ലാക്മെയ്ലിങ്ങാണ്. ഭീഷണിപ്പെടുത്തി ലക്ഷ്യങ്ങൾ നേടൽ. പൊതുസമൂഹത്തിന്റെയും മാധ്യമങ്ങളുടെയും പിന്തുണയോടെ ഭരണകൂടത്തെ ഭീഷണിപ്പെടുത്തി ലക്ഷ്യം നേടുന്നുവെന്ന് ഹസാരേയുടെ സമരത്തിനിടെ വ്യാപകമായ വിമർശമുയർന്നിരുന്നു. പൊതു സമൂഹത്തിൻെറയും മാധ്യമങ്ങളുടെയും ഓൺലൈൻ സമൂഹത്തിന്റെയും പിന്തുണയോടെ നടത്തിയ ബ്ലാക്മെയ്ലിങ്ങാണ് സത്യത്തിൽ ഹസാരേയുടെ സമരത്തെ വിജയിപ്പിച്ചത്**

കാര്യം സാധിക്കുന്നതെങ്ങനെയെന്ന് ഹസാരെയുടെ സമരം കാണിച്ചു കൊടുക്കുകയും ചെയ്തു. പൊതു സമൂഹത്തിൻെറയും മാധ്യമങ്ങളുടെയും ഓൺലൈൻ സമൂഹത്തിൻെറയും പിന്തുണയോടെ നടത്തിയ ബ്ലാക്മെയ്ലിങ്ങാണ് സത്യത്തിൽ ബാബാ ഹസാരേയുടെ സമരത്തെ വിജയിപ്പിച്ചത്. രാംദേവിനും ഈ പിന്തുണ ലഭിച്ചു.

വ്യക്തമായ ജനപക്ഷ രാഷ്ട്രീയം മുന്നോട്ടു വെക്കുന്ന മേധക്ക് എന്നാൽ, ഈ പിന്തുണ ലഭിച്ചതുമില്ല. ഉപവാസ സമരത്തിന് അനിവാര്യമായ ഈ പിന്തുണയുടെ അഭാവമാണ് സമരപ്പന്തലിൽ അതിക്രമം കാണിക്കാനും മേധയു

ടെ സമരത്തെ  അവഗണിക്കാനും സർക്കാറുകൾക്ക് ശക്തി നൽകിയത്.  മാധ്യമങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും ഓൺലൈൻ ആക്റ്റിവിസത്തിൻെറയും രാഷ്ട്രീയവും മേധയുടെ രാഷ്ട്രീയവും വേർപിരിയുന്നിടത്താണ്  ഇതിൻെറ അടിസ്ഥാന കാരണങ്ങൾ കിടക്കുന്നത്.

ബ്രിട്ടീഷ് സർക്കാറിനെ മുൾമുനയിൽ നിർത്താൻ ഗാന്ധിയൻ സമരമുറകൾക്ക് കരുത്തു പകർന്നത് ആ കാലത്തിൻെറയും ദേശത്തിൻെറയും സവിശേഷതകൾ കൂടിയായിരുന്നു. ഗാന്ധിക്ക് പിറകിൽ അണിനിരന്ന വൻ ജനകീയ പിന്തുണയും  നേർക്കുനേർ പൊരുതാനുള്ള സവിശേഷ സാഹചര്യങ്ങളുമായിരുന്നു ഉപവാസമടക്കമുള്ള സമരമുറകളുടെ ശക്തി വർധിപ്പിച്ചത്.  മാധ്യമങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും ഓൺലൈൻ ആക്റ്റിവിസത്തിൻെറയും കാലമല്ലാത്തതിനാൽ ഇത്തരം ഘടകങ്ങളുടെ പിന്തുണ അതിന് അനിവാര്യമായിരുന്നില്ല.

എന്നാൽ ഇന്ന് ദേശവും കാലവും അതല്ല. ബ്രിട്ടീഷ് സാമ്രാജ്യത്വമല്ല,  ജനാധിപത്യ സർക്കാറാണ് ഭരണത്തിൽ. ഗാന്ധിയൻ സമരമുറകളെ അവഗണിച്ച്  ഒരു വഴിക്കാക്കാൻ പ്രത്യേക പാടവം ജനായത്ത സർക്കാർ ഇക്കാലയളവിൽ നേടിയിട്ടുണ്ട്.  അതിനെ വീഴിക്കാൻ സാധാരണ സമരമുറ പോരാ. മാധ്യമങ്ങളും പൊതുസമൂഹവുമെല്ലാം പതിവിൽ കവിഞ്ഞ് രംഗത്തു വന്നാൽ മാത്രമേ ഗാന്ധിയൻ സമരായുധങ്ങളെ തിരിഞ്ഞു നോക്കാൻ പോലും സർക്കാറുകൾ തയ്യാറാവൂ.

സാക്ഷാൽ ഗാന്ധിജി ജീവിച്ചത് ഇക്കാലത്തായിരുന്നുവെങ്കിൽ  എന്നാലോചിച്ചു നോക്കൂ. അവസ്ഥ വളരെ ദയനീയമായേനെ. സത്യാഗ്രഹം പോലുള്ള സമരായുധങ്ങളുമായി ചുമ്മാ ഇരിക്കേണ്ടി വരുമായിരുന്നു ഗാന്ധിക്ക്. അവഗണനകൊണ്ട് ഏത് ഗാന്ധിയൻ സമരത്തെയും പൊളിക്കാൻ ശേഷിയുള്ള സർക്കാറുകൾ അദ്ദേഹത്തെ തിരിഞ്ഞു നോക്കില്ല എന്നുറപ്പ്. തിരിഞ്ഞു നോക്കണമെങ്കിൽ ഹസാരേക്കൊക്കെ ലഭിച്ചതു പോലുള്ള മാധ്യമ, പൊതു സമൂഹ പരിഗണനകൾ വേണം. അങ്ങിനെ വേണമെങ്കിൽ ഗാന്ധിയായാലും ഇച്ചിരിയൊക്കെ മാറേണ്ടി വരും. വേണ്ടിടത്ത് മിണ്ടാനും, വേണ്ടിടത്ത് നിശ്ശബ്ദത പാലിക്കാനും കഴിയണം. മാധ്യമങ്ങളുടെയോ പൊതുസമൂഹത്തിൻെറയോ രാഷ്ടീയ, സാമൂഹിക, വർഗ താൽപര്യങ്ങളിൽ നിന്ന് അണുവിട ചലിക്കാത്ത അയ്യോ പാവമാണ് താനെന്ന് തെളിയിച്ചിരിക്കണം. ചുരുക്കത്തിൽ, ഗാന്ധിജി ഗാന്ധിജിയായി നിന്നാൽ, കാര്യം കട്ടപ്പൊകയാവുമെന്ന് ഉറപ്പ്.


ഇനി ജനാധിപത്യ സർക്കാറിൻെറ കാലത്തെ ഉപവാസത്തിൻെറ പ്രസക്തി.  ഉപവാസത്തിലെ ബ്ലാക്ക്മെയിലിൻെറ സാധ്യതകൾ നമുക്കറിയാം. ഇതും വെച്ച് ജനാധിപത്യ സർക്കാറിനെ സമീപിക്കാൻ  ചെന്നാൽ പ്രശ്നം വേറെയൊണ്. ജനാധിപത്യ ക്രമത്തിൽ  കാര്യങ്ങൾക്ക് അതിൻേറതായ രീതിയുണ്ട്. നിയമങ്ങൾ നിർമിക്കപ്പെടുന്നത് പാർലമെൻറിലൂടെയാണ്.  ഭൂരിപക്ഷത്തിൻെറ നിശ്ചയങ്ങളാണ് തീരുമാനം. ഉപവാസത്തിലൂടെയുള്ള ബ്ലാക്ക്മെയിലിങ് ഉപയോഗിച്ച് തീരുമാനങ്ങൾ എടുക്കുക എന്നത്  ജനാധിപത്യ വിരുദ്ധമായി കണക്കാക്കപ്പെടും. അന്നാ ഹസാരേയുടെ സമരം നേരിട്ട പ്രധാന ആരോപണം ഇതായിരുന്നു. ജൻലോക്പാൽ ബില്ലിനെ കുറിച്ച് തീരുമാനങ്ങൾ എടുക്കേണ്ടതും അതിലെ വ്യവസ്ഥകൾ നിർണയിക്കേണ്ടതും പാർലമെൻറാണ്. ഉപവാസത്തിലൂടെ, ഗാന്ധിയൻ സമരമുറയിലൂടെ അക്കാര്യം നടപ്പാക്കാൻ ശ്രമിക്കുമ്പോൾ നോക്കുകുത്തിയാവുന്നത് ജനാധിപത്യമായിരിക്കും. ഹസാരേയുടെ സമരം ആ നിലക്ക് ഒട്ടും ജനാധിപത്യപരമല്ലെന്നും ബ്ലാക്ക്മെയിലിങിൻെറ ഭാഷയാണ് അതിനെന്നുമായിരുന്നു വിമർശം.

(മാധ്യമപ്രവർത്തകൻ)

# ഗംഗയെ രക്ഷിക്കാൻ നിഗമാനന്ദ മരണം വരിച്ചു

ഗംഗാനദിയെ സംരക്ഷിക്കാൻ നിരാഹാരസമരം നടത്തി സ്വാമി നിഗമാനന്ദ മരണത്തിനു കീഴടങ്ങി. 115 ദിവസം നീണ്ട നിരാഹാരത്തിനൊടുവിൽ ജൂൺ 13ന് ഡെറാഡൂണിലെ ഹിമാലയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ നിഗമാനന്ദയുടെ ശ്വാസം നിലയ്ക്കുമ്പോൾ ഒരു മാധ്യമപ്രവർത്തകൻപോലും അവിടെയുണ്ടായിരുന്നില്ല.

ഫ്രെബ്രുവരി 19നാണ് ഹരിദ്വാറിലെ മാത്രസദൻ ആശ്രമത്തിൽ നിഗമാനന്ദ നിരാഹാരം ആരംഭിച്ചത്. ഗംഗയ്ക്കടുത്തുള്ള ക്വാറികൾ നിർത്തലാക്കുക, കുംഭമേള മേഖലയിൽ നിന്നു കരിങ്കൽ ക്രഷറുകൾ മാറ്റുക എന്നീ ആവശ്യങ്ങളുയർത്തിയാണ് നിഗമാനന്ദ സമരം തുടങ്ങിയത്. ഏപ്രിൽ 30ന് ജില്ലാ ഭരണകൂടം നിഗമാനന്ദയെ ബലംപ്രയോഗിച്ച് ഹരിദ്വാർ ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.  ആശുപത്രികിടക്കയിലും നിഗമാനന്ദ ഭക്ഷണം സ്വീകരിക്കാൻ വിസമ്മതിച്ചു.  അത്യാസന്ന നിലയിലായതോടെ മെയ് രണ്ടിന് ഡെറാഡൂണിലെ ഹിമാലയൻ ആശുപത്രിയിലേക്കു മാറ്റി. നാലുമാസം ഭക്ഷണം കഴിക്കാതെ നടത്തിയ സമരത്തിനൊടുവിലാണ് നിഗമാനന്ദ മരണത്തിനു കീഴടങ്ങിയത്.



എന്നാൽ, നിഗമാനന്ദയെ വിഷം കുത്തിവച്ച് കൊലപ്പെടുത്തുകയായിരുന്നുവെന്ന് മാത്രസദൻ ആശ്രമത്തിലെ സ്വാമി ശിവാനന്ദ പോലീസിൽ പരാതി നൽകിയിരിക്കുകയാണ്. ഹരിദ്വാർ ജില്ലാ ആശുപത്രിയിലെ ചീഫ് മെഡിക്കൽ സൂപ്രണ്ട് പി.കെ. ഭട്നഗർ, ഹിമാല ക്രഷർ ഉടമ ഗ്യാനേഷ്കുമാർ എന്നിവർക്കെതിരെയാണ് മെയ് 11ന് കോട്ട്വാലി പോലീസ് സ്റ്റേഷനിൽ പരാതി നൽകിയത്. ഹരിദ്വാർ ജില്ലാ ആശുപത്രിയിൽ വച്ച് ഓർഗാനോ ഫോസ്ഫേറ്റ് എന്ന വിഷം ഏപ്രിൽ 30ന് നിഗമാനന്ദയിൽ കുത്തിവെച്ചെന്നാണു പരാതിയിൽ പറഞ്ഞിരിക്കുന്നത്.

അതേസമയം യോഗാചാര്യൻ ബാബാ രാംദേവ് ഒമ്പതു ദിവസത്തെ നിരാഹാരത്തിന്റെ ക്ഷീണം തീർക്കാൻ വിദേശപര്യടനത്തിനു തിരിക്കുകയാണ്. ജൂലൈ ആദ്യവാരത്തിലാണ് പര്യടനത്തിനു പുറപ്പെടുന്നത്.